LIBRARY ARCHIVES Kerala Legislative Assembly

ഡെയ്‌ലിവേജസ് പമ്പ് ഓപ്പറേറ്റർമാരുടെ വേതനം

62 [3649] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ശുദ്ധജല വിതരണ പദ്ധതികളിൽ ഡെയ്‌ലിവേജസ് നിരക്കിൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന പമ്പ് ഓപ്പറേറ്റർമാർക്ക് എത്ര രൂപയാണ് വേതനമായി നൽകി വരുന്നത്;

(ബി) ഈ തുക എന്നുമുതലാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) വളരെ തുച്ഛമായ ഈ തുക കൊണ്ട് ഇവർക്ക് ജീവിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റണ്ണിംഗ് കോൺട്രാക്ടർമാർ മുഖേന ജോലി ചെയ്യിപ്പിക്കുന്ന ഓപ്പറേറ്റർമാരുടെ ഡെയ്‌ലിവേജസ് 1999-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള 112 രൂപ.

(ബി) 1-7-1999 മുതൽ

(സി) കേരള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

500 ദിവസം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനുള്ള നടപടി

63 [3650] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-5-2000-ൽ 500 ദിവസം പൂർത്തിയാക്കിയ എച്ച്. ആർ., സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) 500 ദിവസം പൂർത്തിയാക്കിയ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ റഗുലറൈസ് ചെയ്തുകൊണ്ടുള്ള ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോ?